# ജോലിയിൽ തിരിച്ചെടുക്കുമ്പോൾ തൊഴിലാളിക്കു നല്കിയ മുൻകാല വേതനത്തിനും വിഹിതമടയ്ക്കണം

## കേരള ഹൈക്കോടതി

W.P. (C) No. 40468/2018 Dt. 5.5.2020

വല്ലാർഡൈ എസ്റ്റേറ്റ്
X
റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

വേണുഗോപാൽ എന്നയാൾ വല്ലാർഡൈ എസ്റ്റേറ്റിന്റെ പട്ടുമലൈ ഭാഗത്ത് ഫീൽഡ് ഓഫീസർ എന്ന തസ്തികയിലാണ് ജോലി ചെയ്തുവന്നത്. അപ്രകാരമിരിക്കെ സ്റ്റാന്റിങ് ഓർഡേഴ്സ് ലംഘിച്ചുവെന്ന് ആരോപിച്ച് മേനേജ്മെന്റ് അയാൾക്കെതിരെ അച്ചടക്ക നടപടികളെടുക്കാൻ തീരുമാനിച്ചു. അതനുസരിച്ച് ഗാർഹികാന്വേഷണം നടത്താൻ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് തൊഴിലാളിയെ പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണം തെളിയിക്കാൻ മേനേജ്മെന്റ് പരാജയപ്പെട്ടു എന്ന് വിലയിരുത്തിയ ട്രൈബ്യൂണൽ മുൻകാല വേതനത്തോടെയും മറ്റു സകലവിധ ആനുകൂല്യങ്ങളോടെയും തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി നല്കിയത് സിംഗിൾ ബഞ്ച് തള്ളിക്കളഞ്ഞു. ഇതിനെതിരെ മേനേജ്മെന്റ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ നല്കിയെങ്കിലും അതും തള്ളപ്പെട്ടു. എന്നിട്ടും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി നടപ്പാക്കാൻ മേനേജ്മെന്റ് തയ്യാറായില്ല. തുടർന്ന് വിധി നടപ്പാക്കിക്കിട്ടുന്നതിനു വേണ്ടി തൊഴിലാളി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ ഹർജി സമർപ്പിച്ചു. വേതന കുടിശികയായി ഏഴര ലക്ഷം രൂപയും പലിശയിനത്തിൽ അഞ്ച് ലക്ഷത്തോളം രൂപയുമാണ് തൊഴിലാളി ആവശ്യപ്പെട്ടത്. പലിശയില്ലാതെ വേതന കുടിശിക കൊടുത്തു തീർക്കണമെന്നാണ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മേനേജ്മെന്റിന് നിർദ്ദേശം നല്കിയത്. ഇ.പി.എഫ്. നിയമം ബാധകമായ തൊഴിലാളിയുടെ വേതനത്തിൽ നിന്ന് വിഹിതം പിടിച്ചതിനു ശേഷമുള്ള വേതനമാണ് തൊഴിലാളിക്ക് നല്കപ്പെട്ടത്. എന്നാൽ തൊഴിലുടമയുടെ വിഹിതം അടയ്ക്കാൻ മേനേജ്മെന്റ് തയ്യാറായില്ല. ഇതിനെതിരെ തൊഴിലാളി ഇ.പി.എഫ്. റീജണൽ കമ്മീഷണർക്ക് പരാതി നല്കി. തൊഴിലാളിയെ പിരിച്ചുവിട്ട തീയതി മുതൽ വിരമിക്കൽ തീയതി വരെയുള്ള കാലയളവിലെ വേതനത്തിനനുസരിച്ചുള്ള തൊഴിലുടമാ വിഹിതം അടയ്ക്കണമെന്ന് കമ്മീഷണർ ഉത്തരവിട്ടു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. പിരിച്ചുവിടപ്പെട്ടതിനു ശേഷം തൊഴിലാളി ജോലി ചെയ്തിട്ടില്ലാത്തതിനാൽ തൊഴിലുടമയുടെ വിഹിതമടയ്ക്കാൻ തങ്ങൾ ബാധ്യസ്ഥരല്ലെന്ന് മേനേജ്മെന്റ് വാദിച്ചു. തൊഴിലാളി ജോലി ചെയ്യാതിരുന്നത് അയാളുടെ വീഴ്ച കൊണ്ടല്ലെന്നും ആ കാലയളവിലെ വേതനത്തിന് അയാൾക്ക് അവകാശമുണ്ടെന്ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധിച്ചിട്ടുണ്ടെന്നും പി.എഫ്. കമ്മീഷണർ ചൂണ്ടിക്കാട്ടി. യഥാർത്ഥത്തിൽ ജോലി ചെയ്താലും ഇല്ലെങ്കിലും തൊഴിലാളിക്ക് വേതനം ലഭിക്കാൻ അവകാശമുണ്ടെങ്കിൽ തൊഴിലുടമ വിഹിതമടയ്ക്കാൻ ബാധ്യസ്ഥനാണെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവയ്ക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.